# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3911

18/10/2011 ൽ
മറുപടിക്ക്

## അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.ദിവാകരൻ<br>ശ്രീ. ജി.എസ്.ജയലാൽ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. ഇ.എസ്. ബിജിമോൾ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) നിലവിലുണ്ടായിരുന്ന അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയെന്ന് വ്യക്തമാക്കാമോ; | (എ) നിലവിലുണ്ടായിരുന്ന അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:45 ആണ്. എന്നാൽ മുൻവർഷം ജോലിയിൽ തുടർന്നുവരുന്ന അദ്ധ്യാപകരെ നിലനിർത്താനായി എയ്ഡഡ് സ്കൂളുകളിൽ 1:40 അനുപാതം അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ബി) ഈ അനുപാതം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) ജി.ഒ.പി.നം.199/2011/പൊ.വി.തീയതി-1/10/2011 ഉത്തരവ് പ്രകാരം അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1 മുതൽ 4-ാം ക്ലാസ് വരെ 1:30 ആയും 5 മുതൽ 10 വരെ 1:35 ആയും മാറ്റം വരുത്തിയിട്ടുണ്ട്. |
| (സി) സംരക്ഷിത അദ്ധ്യാപകരായി എത്ര പേരുണ്ടെന്നും മറ്റ് കാരണങ്ങളാൽ ജോലി നഷ്ടപ്പെടാൻ ഇടയുള്ള അദ്ധ്യാപകർ എത്ര ഉണ്ടെന്നും വ്യക്തമാക്കാമോ? | (സി) സംരക്ഷിത അദ്ധ്യാപകർ 2939 പേരും സർവീസിൽ നിന്നും പുറത്തായവർ 1462 പേരുമാണ്. |

സെക്ഷൻ ഓഫീസർ